(ബി) ഫോറസ്റ്റ് ഗാർഡുമാരേയും ഫോറസ്റ്റർമാരേയും പ്രസ്തുത കോഴ്സിന് പരിഗണിക്കുന്നതുപോലെ വനംവകുപ്പിലെ നിർദ്ദിഷ്ട യോഗ്യതയുള്ള മറ്റു വിഭാഗം ജീവനക്കാർക്കും ഫോറസ്റ്റു റെയിഞ്ചർ കോഴ്സിന് സെലക്ഷൻ ലഭിച്ചാൽ, കോഴ്സിന്റെ കാലഘട്ടം ഡ്യൂട്ടിയായി പരിഗണിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇതു പരിഗണിക്കുന്നതിന് നിലവിൽ ചട്ടമുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

II. ചരമോപചാരം

ശ്രീ. വി. വി. വർക്കി, ശ്രീ. പി. വി. കുഞ്ഞുണ്ണിനായർ എന്നിവരുടെ നിര്യാണം സംബന്ധിച്ച്

ബഹുമാനപ്പെട്ട സ്പീക്കർ: ഓർഡർ, ഓർഡർ.....

തിരു-കൊച്ചി നിയമസഭയിൽ അംഗമായിരുന്ന ശ്രീ. വി. വി. വർക്കി, കേരള നിയമസഭയിൽ അംഗമായിരുന്ന ശ്രീ. പി. വി. കുഞ്ഞുണ്ണിനായർ എന്നിവർ നിര്യാതരായ വിവരം ബഹുമാനപ്പെട്ട അംഗങ്ങൾ അറിഞ്ഞിരിക്കുമല്ലോ.

മദിരാശി യൂണിവേഴ്സിറ്റിയിൽ നിന്ന് മാസ്റ്റർ ബിരുദമെടുത്തശേഷം ശ്രീ. വി. വി. വർക്കി, തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിൽ സജീവപ്രവർത്തനം ആരംഭിച്ചു. തുടർന്ന് ജീവിതപങ്കാളിയായ ശ്രീമതി അക്കാമ്മാച്ചെറിയാനോടൊപ്പം അദ്ദേഹം സ്വാതന്ത്ര്യ സമര പ്രവർത്തനങ്ങളുടെ മുഖ്യധാരയിലേക്കിറങ്ങിച്ചെല്ലുകയും
9.30 A.M.] ഒട്ടേറെ യാതനകൾ അനുഭവിക്കുകയും ചെയ്തിട്ടുണ്ട്.

1939-ൽ യുവജനരംഗത്ത് പ്രവർത്തനങ്ങളിലേർപ്പെടുക വഴി അദ്ദേഹം ജയിലിലടയ്ക്കപ്പെടുകയുണ്ടായി. "ക്വിറ്റ് ഇന്ത്യാ" പ്രക്ഷോഭണത്തിൽ പങ്കെടുക്കുകമൂലവും "defence of Travancore Rules" അനുസരിച്ചും വീണ്ടും രണ്ടു പ്രാവശ്യം അദ്ദേഹം ജയിൽവാസമനുഭവിക്കേണ്ടിവന്നു. 1947-ൽ ജയിൽ വിമോചിതനായശേഷം ജീവിതാവസാനംവരെ സംസ്ഥാനത്തെ പർദ്ദിതരും ചൂഷണം ചെയ്യപ്പെട്ടവരുമായ ജനവിഭാഗത്തിന്റെ ഉന്നമനത്തിനായി ശ്രീ. വർക്കി നിരന്തരം പ്രവർത്തിച്ചുപോന്നു. 1952-ൽ വാഴൂർ നിയോജകമണ്ഡലത്തിൽ നിന്നുമാണ് അദ്ദേഹം തിരു-കൊച്ചി നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. നാടിന്റെ സ്വാതന്ത്ര്യലബ്ധിക്കുവേണ്ടി ധീരമായി പടപൊരുതിയ ശ്രേഷ്ഠനായ ഒരു യോദ്ധാവിനെയാണ് ശ്രീ. വർക്കിയുടെ നിര്യാണം മൂലം നമുക്ക് നഷ്ടമായിരിക്കുന്നത്.

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സമുന്നതനേതാക്കളിൽ ഒരാളായിരുന്ന ശ്രീ. കുഞ്ഞുണ്ണിനായർ വിദ്യാർത്ഥിയായിരിക്കുമ്പോൾതന്നെ സ്വാതന്ത്ര്യസമരത്തിൽ സജീവമായ പങ്കുവഹിക്കുകയും ബ്രിട്ടീഷ് ഗവൺമെന്റിന്റെ മർദ്ദനങ്ങൾക്ക് വിധേയനാവുകയുമുണ്ടായി. സിവിൽ നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്തതിന്റെ പേരിൽ അദ്ദേഹം രണ്ടു പ്രാവശ്യം

LIBRARY ARCHIVES Kerala Legislative Assembly

ജയിൽ ശിക്ഷ അനുഭവിച്ചിട്ടുണ്ട്. 1935 വരെ കോൺഗ്രസ്സിൽ പ്രവർത്തിച്ച ശ്രീ. നായർ പിന്നീട് കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയിൽ ചേർന്നു പ്രവർത്തിക്കുകയും കർഷകസംഘങ്ങൾ സംഘടിപ്പിക്കുന്നതിൽ നിസ്തുലമായ പങ്ക് വഹിക്കുകയും ചെയ്തു. കുറേക്കാലം അദ്ദേഹം കേരള കർഷകസംഘത്തിന്റെ ഖജാൻജിയായിരുന്നു. 1939-ൽ അദ്ദേഹം ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായിച്ചേർന്ന് പാർട്ടിയുടെ വളർച്ചയ്ക്കുവേണ്ടി വിലപ്പെട്ട സംഭാവനകൾ നൽകി. 1957ലും 1960ലും അദ്ദേഹം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽനിന്ന് കേരള നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. സാമൂഹ്യസേവന പ്രവർത്തനങ്ങളിലും സഹകരണപ്രസ്ഥാനത്തിലും അതീവ താൽപ്പര്യം പ്രകടിപ്പിച്ചിരുന്ന ശ്രീ. നായർ പ്രഗൽഭനായ ഒരു പാർലമെന്റേറിയനും കൂടി ആയിരുന്നു.

പരേതരായ ഈ ബഹുമാന്യ വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റുനിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭ അൽപ്പസമയം എഴുന്നേറ്റു നിന്ന് മൗനമാചരിച്ചു.)

III. ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്തെ വിമുക്ത ഭടൻമാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. ഉമ്മൻ ചാണ്ടി: സർ, നമ്മുടെ സംസ്ഥാനത്തെ വിമുക്ത ഭടൻമാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളിലേക്ക് നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. മാതൃരാജ്യത്തിനുവേണ്ടി തങ്ങളുടെ ജീവിതത്തിലെ ഏറ്റവും നല്ല കാലഘട്ടങ്ങൾ സേവനം ചെയ്തിട്ടുള്ള ഇവർ അതിനുശേഷം തിരിച്ചുവന്ന് അനുഭവിക്കുന്ന 'ബുദ്ധിമുട്ടുകളും വൈഷമ്യങ്ങളും പരിഹരിക്കുന്നതിന് അടിയന്തിരമായി ചില നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. വിമുക്തഭടൻമാരെ പുനരധിവസിപ്പിക്കുന്നതിന്, അവർക്ക് ആവശ്യമായ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിന് ഇന്ന് ചില സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എങ്കിലും അതിന് വളരെയേറെ പരിമിതികളുണ്ട്. ആ പരിമിതികൾക്കുപരിയായി ഇവരെ പുനരധിവസിപ്പിക്കുന്നതിന് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കണം. ഇന്ന് സൈനിക ക്ഷേമ ബോർഡുകളുണ്ടെങ്കിലും അതിന്റെ പ്രവർത്തനം പൂർണ്ണമായും തൃപ്തികരമാണെന്ന് പറയാൻ സാധിക്കുകയില്ല. ഇന്ന് അവർക്ക് ലഭിക്കുന്ന തൊഴിലവസരങ്ങൾ വളരെ കുറവാണ്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുവാനുള്ളത് ഇവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പരിപാടികൾ ആവിഷ്കരിക്കണമെന്നുള്ളതാണ്. ഇന്ന് അതിനുവേണ്ടിയുള്ള പരിപാടികൾ വളരെ ചുരുക്കമാണ്. ബാങ്കുകളുടെ ദയാദാക്ഷിണ്യത്തിന് വിധേയമായിട്ട് ചില പരിപാടികൾക്കുവേണ്ടി കാത്തിരിക്കുക എന്നതിൽ കവിഞ്ഞ് കാര്യമായിട്ടുള്ള പരിപാടികളൊന്നുമില്ല. അതുകൊണ്ട് മാതൃരാജ്യത്തിനുവേണ്ടി വളരെയേറെ ത്യാഗങ്ങൾ സഹിച്ച് കഷ്ടപ്പാടുകൾ സഹിച്ച് സേവനം ചെയ്തിട്ടുള്ള ഇവർ ആ സേവനം കഴിഞ്ഞ് തിരിച്ചുവന്ന് കഴിച്ചുകൂട്ടേണ്ട കാലഘട്ടത്തിൽ അവർക്ക് ആവശ്യമായിട്ടുള്ള സംരക്ഷണം നൽകുന്നതിനുള്ള കാര്യങ്ങളിൽ എനിക്ക് മൂന്ന് നിർദ്ദേശങ്ങളാണ് വയ്ക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly